**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2206** — **06-07-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ ഒ . ആർ. കേളു, ശ്രീ. എ. രാജ, ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ യുക്തിരഹിതമായി മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം നിജപ്പെടുത്തിയത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് അത് പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നോ; | (എ) | സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പുന:പരിശോധിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിനു ശേഷമേ നിലവിലെ പട്ടിക പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിനെ തുടർന്ന് അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്നവർ അതു തിരിച്ചേൽപ്പിക്കാൻ തയ്യാറായിട്ടുണ്ടോ; സ്വമേധയാ കാർഡ് തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്ത അനർഹർക്കെതിരെ കർശന നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പരിശോധന ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; മുൻഗണനാ കാർഡിനായുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളത് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 15/07/2021 വരെ അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസര നൽകിയതിന്റെ അടിസ്ഥാനത്തിലും പരിശോധനകളിലൂടെയും പരാതികളിന്മേലുള്ള നടപടികളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30/04/2022 വരെ 1,72,312(എ.എ.വൈ - 14701+പി.എച്ച്.എച്ച് - 90798, എൻ.പി.എസ്-66813) കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.<br><br>അനർഹമായ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്തവർ ക്കെതി പിഴയായി, മുൻഗണനാ കാർഡ് കൈവശം വച്ച റേഷൻ സാധനങ്ങൾ കൈപ്പറ്റിയ കാലം കണക്കാക്കി റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കുന്നുണ്ട്.<br><br>സ്വമേധയാ കാർഡ് തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്ത അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ പറയുന്നവയാണ്. |

| | | | |
|---|---|---|---|
| | | | 1. തദ്ദേശ സ്വയം ഭരണം, മോട്ടോർ വെഹിക്കിഗ<br>എന്നീ വകുപ്പുകളുടെ ഡേറ്റയുമായി<br>ആർ.സി.എം.എസ് ഡേറ്റാ മാപ്പിംഗ് നടത്തുന്നു<br><br>2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള<br>പരിശോധന.<br><br>3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ<br>കാർഡുകളുടെ പരിശോധന.<br><br>4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ<br>പരിശോധന.<br><br>5. തുടർച്ചയായി മൂന്നു മാസം റേഷൻ<br>സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ<br>കുടുംബങ്ങളെ കണ്ടെത്തൽ.<br><br>6. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ<br>അനർഹരെ കണ്ടെത്തുന്നതിലേക്കായി<br>**Operation Yellow** എന്ന പേരിൽ ഒരു<br>പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു<br>വരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ<br>പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ<br>റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ<br>പേരുവിവരങ്ങൾ സർക്കാരിൽ<br>അറിയിക്കാവുന്നതാണ്.<br><br>മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന്<br>ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ<br>ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ<br>പരിശോധിച്ച്, അദാലത്ത് നടത്തി,<br>ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ<br>അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന<br>കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി<br>ആയത് സിവിൽ സപ്ലൈസ് കമ്മീഷണറുടെ<br>അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ<br>ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം<br>മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്ന |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര പുതിയ റേഷൻ കാർഡുകൾ നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ? | (സി) | 229680 റേഷൻ കാർഡുകൾ പുതുതായി നൽകി. |

സെക്ഷൻ ഓഫീസർ